# പാറശാല

ഭദ്രാസന ബുള്ളറ്റിൻ

വാല്യം 5 ലക്കം 3 മെയ് – ജൂൺ 2022





മേരി മക്കൾ സമൂഹത്തിലെ നിർമ്മല പ്രൊവിൻസിൽ നിത്യവ്രതവാഗ്ദാനം നടത്തിയ
സി. ആൻ മരിയയും സി. ആഗ്നസ് മരിയയും അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ്
മെത്രാപ്പോലീത്തായോടൊപ്പം (2022 മെയ് 7)



പൂർണ്ണ ശെമ്മാശപട്ടം സ്വീകരിച്ചവർ



ഹെവ്പ്പദ്യോക്ക്നോ പട്ടം സ്വീകരിച്ചവർ



കോറൂയോ പട്ടം സ്വീകരിച്ചവർ



വൈദിക വസ്ത്രം സ്വീകരിച്ചവർ

# പാറശ്ശാല

## ഭദ്രാസന ബുള്ളറ്റിൻ

TO BE EVERYTHING TO EVERYONE IN CHRIST

*Patron*
His Excellency
Thomas Mar Eusebius

*Chief Editor*
Fr. Abin Mullackal

*Managing Editor*
Msgr. Selin Jose
Konathuvila


*Printed & Published By*
Very Rev. Fr. Bijoy
Ooralivila

*(Private Circulation Only)*

**വാല്യം 5 മെയ് – ജൂൺ 2022 ലക്കം 3**

**ഉള്ളടക്കം**

| | |
|---|---|
| ഇടയശബ്ദം | 2 |
| സർക്കുലർ – ദൈവവിളി ദിനം 2022 | 4 |
| സഭാ വാർത്തകൾ | 8 |
| ഭദ്രാസന വാർത്തകൾ | 11 |
| വിശ്വാസ പരിശീലന കാര്യാലയം | 14 |
| എം.സി.വൈ.എം. | 18 |
| സെമിനാരി വാർത്തകൾ | 23 |
| എം.സി.എ. | 25 |
| സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ | 28 |
| ക്ഷേമ | 29 |
| മാതൃവേദി | 32 |



# ഇടയശബ്ദം

യേശുവിൽ പ്രിയരേ,

2023 ഒക്ടോബർ മാസം ''സഹയാത്രികയായ സഭ'' എന്ന വിഷയത്തെ അധികരിച്ച് വത്തിക്കാനിൽ നടക്കുന്ന മെത്രാന്മാരുടെ സിനഡിന് ഒരുക്കമായി, സഭാ ജീവിതത്തിന്റെ വിവിധ മേഖലകളിൽ ഈ പ്രമേയത്തിന്റെ അർത്ഥവും ലക്ഷ്യവും സംഗതമാക്കുവാനുള്ള ഒരു കൂട്ടായ യജ്ഞത്തിലാണല്ലോ സഭ മുഴുവനും. തദനുസരണം നമ്മുടെ ഭദ്രാസന ജീവിതത്തിന്റെ എല്ലാ തലങ്ങളിലും ഈ പ്രമേയം വിചിന്തന വിഷയമാക്കുകയും ഇതിന്റെ അന്തഃസത്ത ഉൾക്കൊള്ളുകയും അത് നമ്മുടെ സഭാ ജീവിതശൈലിയായി മാറ്റുകയും ചെയ്യുവാൻ നാം പരിശ്രമിച്ചു കൊണ്ടിരിക്കുകയാണല്ലോ.

സഭയുടെ അടിസ്ഥാനസ്വഭാവം സഹയാത്രിക എന്നതാണ് എന്നും ഈ 'സിനഡൽ' സ്വഭാവം നാം ജീവിക്കുന്നത് സവിശേഷമായ കൂട്ടായ്മാ അനുഭവത്തിലൂടെയും സജീവമായ പങ്കാളിത്തത്തിലൂടെയും ഉൽക്കർഷമായ പ്രേഷിതാവബോധത്തിലൂടെയുമാണ് എന്നും ഇതിനോടകം നാം മനസ്സിലാക്കി കഴിഞ്ഞു. നമ്മുടെ ഭദ്രാസനത്തിന്റെ പ്രത്യേകമായ സാമൂഹിക-സഭാത്മക പശ്ചാത്തലത്തിൽ ഈ ഘടകങ്ങളെ എങ്ങനെയാണ് നാം മനസ്സിലാക്കേണ്ടത്? നമ്മൾ അടിസ്ഥാനപരമായി ഒരു മിഷനറി സമൂഹമാണ്. തീഷ്ണമതികളായ അനേകം മിഷനറിമാരുടെ ത്യാഗോജ്ജ്വലമായ പ്രേഷിത ശുശ്രൂഷയുടെ നേരിട്ടുള്ള ഫലമായി രൂപംകൊണ്ട ഒരു സഭാസമൂഹമാണല്ലോ നാം. അതുകൊണ്ടു തന്നെ ഒരു സഭാസമൂഹം എന്ന നിലയിൽ നമ്മുടെ സ്വഭാവത്തിന്റെ പ്രധാന ഭാവം പ്രേഷിത സമർപ്പണം തന്നെയാണ്. അതിനാൽ നമ്മുടെ കൂട്ടായ്മാനുഭവവും പങ്കാളിത്തവുമെല്ലാം സംഘാതമായ ഒരു പ്രേഷിത ശൈലിയിലേക്കും സമർപ്പണത്തിലേയ്ക്കും നമ്മെ നയിക്കുന്നതാകണം. പരസ്പര സ്നേഹത്തിൽ സംയോജിതരായി സഭാജീവിതത്തിലെ ചെറുതും വലുതുമായ ശുശ്രൂഷാ വേദികളിൽ സജീവ പങ്കാളിത്തം ഉറപ്പു വരുത്തി, ശക്തമായ ഒരു പ്രേഷിത സാക്ഷ്യം നൽകുക എന്നതാണ് സഹയാത്രിക സഭാ സ്വഭാവം നമ്മിൽനിന്നും ആവശ്യപ്പെടുന്ന പ്രത്യേക ശുശ്രൂഷയും നിയോഗവും. പ്രേഷിതത്വര നമ്മുടെ സഭാ ജീവിതത്തിന്റെ ജീവനാഡിയാണ്.

വ്യക്തിപരമായി, കുടുംബമായി, സഭാ സമൂഹമായി നാം ഏർപ്പെടുന്ന എല്ലാ കർമ്മങ്ങളിലും ശുശ്രൂഷകളിലും ഈ പ്രേഷിത ഭാവം ശക്തമായി പ്രതിഫലിക്കണം. നമ്മുടെ സ്വത്വം തന്നെ, നാമൊരു പ്രേഷിത ശുശ്രൂഷാ സംഘമാണ് എന്നതാണ്. പ്രേഷിത നിയോഗം മുഖമുദ്രയായയുള്ള ഒരു സഭാസമൂഹത്തിന്, ജീവിതത്തിലെ മറ്റു പരിഗണനകളൊക്കെ ആപേക്ഷികങ്ങളാണ്. എപ്പോൾ നമ്മുടെ പ്രേഷിതതീക്ഷണതയ്ക്ക് മന്ദത സംഭവിക്കുന്നുവോ, അപ്പോൾ നമ്മൾ പ്രസക്തമല്ലാത്ത പദ്ധതികളിലും അനാവശ്യ മത്സരങ്ങളിലും ക്രൈസ്തവ മല്ലാത്ത വാഗ്വാദങ്ങളിലും കലഹങ്ങളിലുമൊക്കെ നമ്മുടെ സമയവും ഊർജ്ജവും നഷ്ടപ്പെടുത്തുകയും നമ്മൾ തന്നെ ഒരെതിർ സാക്ഷ്യമായി മാറുകയും ചെയ്യുന്ന ദുരവസ്ഥ സംജാതമാകും. സമകാലീന സഭാ ജീവി തത്തിൽ ഇതിന്റെ സാദൃശ്യങ്ങൾ വിരളമല്ലല്ലോ. ഉജ്ജ്വലമായ പ്രേഷിത ചൈതന്യം സജീവമായി സാക്ഷിക്കുന്ന ഒരു സഹയാത്രിക സഭാ ഭാവ ത്തിലേക്ക് വളരുവാൻ നമുക്ക് സമർപ്പിതരാകാം.

,

+ Eusebius

✠ തോമസ് മാർ യൗസേബിയോസ്

**മലങ്കര സുറിയാനി കത്തോലിക്കാ സഭ**

# ദൈവവിളി ദിനം 2022

## ദൈവവിളിയ്ക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ ചെയർമാന്റെ സന്ദേശം

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോർ എപ്പിസ്ക്കോപ്പാമാരേ, വന്ദ്യ റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളെ,

മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ മെയ് 29-ാം തീയതി ദൈവവിളി ദിനമായി നാം ആചരിക്കുന്നു. നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിനും പെന്തിക്കോസ്തി തിരുന്നാളിനും മധ്യത്തിലായിട്ടാണ് ഈ വർഷത്തെ നമ്മുടെ ദൈവവിളിദിനം. കാത്തിരിപ്പുകാലം-വിശുദ്ധ കന്യകാമറിയവും ശിഷ്യന്മാരും ഈ പത്തുദിവസം പരിശുദ്ധാത്മാവിനായി ദാഹിച്ച് പ്രാർത്ഥിച്ച് കാത്തിരിക്കുന്നതുപോലെ ധാരാളം ദൈവവിളികൾ നൽകി സഭയെ സമ്പന്നമാക്കണമെന്ന് നമുക്ക് തീഷ്ണതയോടെ പ്രാർത്ഥിക്കാം.

പിന്നെ അവൻ മലമുകളിലേയ്ക്ക് കയറി, തനിക്കിഷ്ടമുള്ളവരെ അടുത്തേയ്ക്ക് വിളിച്ചു. അവർ അവന്റെ സമീപത്തേയ്ക്ക് ചെന്നു. തന്നോടുകൂടി ആയിരിക്കുന്നതിനും പ്രസംഗിക്കാൻ അയയ്ക്കുന്നതിനും പിശാചുക്കളെ ബഹിഷ്ക്കരിക്കാൻ അധികാരം നൽകുന്നതിനുമായി അവൻ പന്ത്രണ്ടുപേരെ നിയോഗിച്ചു (മർക്കോ. 3:13-15).

ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ഈ ലോകത്തിൽ ദൈവഹിതം നിരന്തരം തെരഞ്ഞെടുത്ത് നിറവേറ്റുവാൻ വിളിക്കപ്പെട്ടവനാണ്. “ഞാൻ വന്നിരിക്കുന്നത് എന്റെ ഇഷ്ടം നിറവേറ്റുവാനല്ല. എന്നെ അയച്ചവന്റെ ഇഷ്ടം നിറവേറ്റുവാനാണ്”. ഇതായിരുന്നു ഈ ഭൂമിയിൽ യേശുവിന്റെ ജീവിതതത്വം. ഈ ഭൂമിയിലേക്ക് മനുഷ്യനായി പിറന്നുവീഴുന്ന ഓരോ വ്യക്തിയിലൂടെയും ദൈവ

ത്തിന് നിറവേറ്റാൻ ഒരു ദൗത്യമുണ്ട്. ഈ ദൗത്യം തിരിച്ചറിയുക എന്നത് അർത്ഥപൂർണമായ ജീവിതത്തിന് അത്യന്താപേഷിതമാണ്. ദൈവവിളി ദിനം നമ്മെ ഓർമ്മപ്പെടുത്തുന്നത് എന്നിലൂടെ ഈ ലോകത്തിൽ പൂർത്തിയാക്കേണ്ട ഒരു ദൈവഹിതമുണ്ട് എന്ന സത്യത്തെപ്പറ്റിയാണ്. കുടുംബജീവിതത്തിലേക്കുള്ള വിളി സ്വീകരിക്കുന്നവർ തങ്ങളിലൂടെ ഈ ലോകത്തിൽ ദൈവം ചെയ്യാനാഗ്രഹിക്കുന്ന കാര്യങ്ങൾ എന്തെന്ന് ധ്യാനപൂർവം തിരിച്ചറിയേണ്ടതുണ്ട്. ചിലരെ ദൈവം സമർപ്പണ ജീവിതത്തിലേക്കാണ് വിളിച്ചിരിക്കുന്നത്. സമ്പൂർണമായ സമർപ്പണത്തിലൂടെ അവരുടെ ജീവിതങ്ങളെ ദൈവം അനേകരുടെ നന്മയ്ക്കും രക്ഷയ്ക്കുമായി ഉപയോഗിക്കുന്നു. ഇത്തരം ശ്രേഷ്ഠമായ വിളികൾ അതീവശ്രദ്ധയോടെ കണ്ടെത്തുകയും പരിരക്ഷിക്കുകയും വളർത്തുകയും ചെയ്യേണ്ടതുണ്ട്. ചെറിയ പ്രായത്തിൽതന്നെ ഹൃദയങ്ങൾ മലിനമാക്കപ്പെടുന്ന സാഹചര്യമാണ് ഇന്ന് നിലവിലുള്ളത്. ദൈവികമായ കുടുംബാന്തരീക്ഷത്തിൽ വളർന്നുവരുന്ന കുഞ്ഞുങ്ങൾപോലും സൗഹൃദങ്ങളിലൂടെ തിന്മയിലേക്ക്, അശുദ്ധിയിലേക്ക് വഴുതിവീഴുന്നു. ഇപ്രകാരമുള്ള ലോകത്തിൽ നമ്മുടെ കുഞ്ഞുങ്ങളുടെ ദൈവവിളികളെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക മാതാപിതാക്കളുടെയും ഗുരുഭൂതരുടെയും മതാധ്യാപകരുടെയും സമർപ്പിതരുടെയും കടമയാണ്.

ഏതൊരു കുട്ടിയുടെയും പ്രാഥമിക നിലപാടുകളെയും തീരുമാനങ്ങളെയും രൂപപ്പെടുത്തുന്നത് കുടുംബമാണ്. പരസ്പരസ്നേഹവും ദൈവാശ്രയവും അപരസേവനവും ആദ്യമായി കുട്ടികൾ പഠിക്കുന്നത് കുടുംബത്തിൽ നിന്നാണ്. കുട്ടികളിലെ ദൈവപദ്ധതി തിരിച്ചറിയുന്നതിനും പരിപോഷിപ്പിക്കുന്നതിനും മതാദ്ധ്യാപകർക്കും ഗുരുജനങ്ങൾക്കും കടമയുണ്ട്, ഉത്തരവാദിത്വമുണ്ട്. ദൈവവിളിയോട് ക്രിയാത്മകമായി പ്രതികരിക്കാൻ കുട്ടികളെ പഠിപ്പിക്കേണ്ടത് അവരാണ്. തങ്ങളുടെ പെരുമാറ്റംവഴിയും സാക്ഷ്യംവഴിയും ഉദ്ബോധനം വഴിയും കുട്ടികളിൽ നല്ല വ്യക്തിത്വ വളർച്ചയ്ക്കും ആഴമുള്ള ആത്മീയതയ്ക്കും പുരോഹിതരും സന്യസ്തരും പ്രത്യേകമാംവിധം ശ്രദ്ധിക്കേണ്ടതുണ്ട്. ദൈവവിളിയെക്കുറിച്ചും അതിന്റെ പ്രത്യുത്തരങ്ങളെക്കുറിച്ചും ഉറക്കെ ചിന്തിക്കുവാനും തുറന്ന് ചർച്ചചെയ്യാനുമുള്ള ഒരു വേദി ഒരുക്കികൊടുക്കണം. ദൈവവിളി സംസ്കാരത്തിന്റെ വക്താക്കളാകാൻ സാമൂഹ്യസമ്പർക്ക മാധ്യമങ്ങൾക്ക് കഴിയണം. സഭയെയും സഭാമേലധികാരികളെയും പുരോഹിതരേയും സന്യസ്തരേയും സഭയുടെ നിലപാടു

കളെയും ദുഷിച്ചുനടത്തുന്ന ഒരു പരിപാടിയിലും ദൈവവിളി പ്രോത്സാഹനം നടക്കില്ല.

ദൈവവിളി പ്രോത്സാഹനത്തിൽ നാം പ്രധാനമായും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:

1. ലൗകിക ചിന്തകൾ പ്രബലപ്പെട്ടിരിക്കുന്ന ഈ കാലത്ത് ലോകത്തിലെ വിജയവും ഭൗതിക സുഖങ്ങളും മാത്രമാണ് ശ്രേഷ്ഠമെന്ന് കുട്ടികൾ വിചാരിച്ച് പോകാൻ സാധ്യതയുണ്ട്. അതുകൊണ്ട് പൗരോഹിത്യ ജീവിതത്തിന്റെയും സന്യാസജീവിതത്തിന്റെയും ശ്രേഷ്ഠതയെപ്പറ്റിയും ആനന്ദത്തെപ്പറ്റിയും നമ്മുടെ കുട്ടികളോട് മാതാപിതാക്കളും മതാദ്ധ്യാപകരും വൈദികരും സന്യസ്തരും അല്മായ പ്രേഷിതരും പറയണം. ദൈവവിളി പ്രോത്സാഹനം ആദ്യം തുടങ്ങേണ്ടത് ഈ കാര്യത്തിലാണ്. ഇങ്ങനെയുള്ള ചിന്തയും താൽപര്യവുമാണ് ആദ്യം കുട്ടികളുടെ മനസിലേക്ക് കൊടുക്കേണ്ടത്. തന്റെ ദൈവവിളിയെക്കുറിച്ച് ലിസ്യുവിലെ വി. കൊച്ചുത്രേസ്യ പറയുന്നു: 'എന്റെ ദൈവവിളി സ്നേഹമാണ്.' അതുകൊണ്ട് സമർപ്പണജീവിതത്തിന്റെ ശ്രേഷ്ഠത പങ്കുവയ്ക്കപ്പെടണം.

2. ദൈവവിളി പ്രോത്സാഹനം ഒരു ഗണത്തിന്റെ മാത്രം ജോലിയല്ല, അത് സഭ മുഴുവന്റെയും ജോലിയാണ്. ഇതിനായി പ്രാർത്ഥിക്കണം, ശ്രദ്ധിക്കണം, പ്രവർത്തിക്കണം. സഭയിലെ എല്ലാവരും ഈ ദൗത്യത്തിൽ ആത്മാർത്ഥമായും സത്യസന്ധമായും പ്രവർത്തിക്കേണ്ടതാണ്. ഇക്കാര്യം പണ്ട് എന്നതിനേക്കാൾ ഇന്ന് ഏറ്റം ആവശ്യമാണ്.

3. ദൈവവിളിക്കുവേണ്ടി പ്രാർത്ഥിക്കണം. ഈശോ ദൈവവിളിയെപ്പറ്റി പറയുന്ന സമയത്ത് ആഗ്രഹിക്കുന്നതും പറയുന്നതുമായ കാര്യം ദൈവവിളിക്കായി പ്രാർത്ഥിക്കണമെന്നാണ്. 'വിളഭൂമിയിലേയ്ക്ക് വേലക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കുവിൻ' (മത്താ. 9:38). അതുകൊണ്ട് സഭാസമൂഹം നല്ല ദൈവവിളിക്കായി ആഗ്രഹിക്കണം, പ്രാർത്ഥിക്കണം. ബാക്കി കർത്താവ് ചെയ്യും. മനുഷ്യർക്കാർക്കും ദൈവവിളി ഉണ്ടാക്കാൻ സാദ്ധ്യമല്ല. അത് ദൈവദാനമാണ്. അതുകൊണ്ട് ദൈവവിളിക്കായി ത്യാഗം ചെയ്ത് പ്രാർത്ഥിക്കണം.

4. പുതിയ ദൈവവിളിക്കായി ശ്രമിക്കുന്നത് മാത്രമല്ല നിലവിലുള്ള ദൈവവിളികളെ പ്രോത്സാഹിപ്പിക്കുന്നതും ദൈവവിളി പ്രോത്സാഹനത്തിന്റെ ഭാഗമാണ്. ഇടവകയിലെ വൈദികർക്കും സിസ്റ്റേഴ്സിനും വേണ്ടി പ്രാർത്ഥിക്കുകയും അവരെ ബലപ്പെടുത്തുകയും അവരെ പിൻതുണയ്ക്കുകയും അവരുടെ കൂടെ നിൽക്കുകയും ചെയ്യണം. അതും ദൈവവിളി പ്രോത്സാഹനമാണ്. ഇതുകാണുമ്പോൾ അനേകർക്ക് ദൈവവിളി സ്വീകരിക്കാനുള്ള പ്രേരണയും പ്രചോദനവുമാകും.

5. സമർപ്പിത ജീവിത്തിലേക്കുള്ള ദൈവവിളി പ്രോത്സാഹനം നടത്തുമ്പോൾ അതിന്റെ അർത്ഥം കുടുംബജീവിതം ഏതെങ്കിലും വിധത്തിൽ സമർപ്പണജീവിതത്തെക്കാൾ മോശമാണെന്നോ താഴെയാണെന്നോ അല്ല, മനുഷ്യർ വളരെ സ്വാഭാവികമായി കുടുംബജീവിതത്തിലേയ്ക്ക് കടന്നുവരുന്നുണ്ട്. എന്നാൽ അത്ര സ്വഭാവികമായി വരുന്നതല്ല സമർപ്പിത ജീവിതത്തിലേയ്ക്കുള്ള വിളി. അതുകൊണ്ട് സമർപ്പിത ജീവിതം കൂടുതൽ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. കുടുംബജീവിതം ഒട്ടും മോശമല്ല, ശ്രേഷ്ഠമാണ്.

6. ദൈവവിളി സ്വീകരിക്കുക എന്നത് ഒരു വിവേചനമാണ്, തിരിച്ചറിവാണ്. പരിശുദ്ധാത്മാവ് കൊടുക്കുന്ന പ്രേരണയിൽ ഒരു യുവാവ്/യുവതി തന്റെ ദൈവവിളി കുടുംബജീവിതത്തിലേക്കാണോ സമർപ്പണജീവിതത്തിലേക്കാണോ എന്ന് തിരിച്ചറിയുന്നു. അതിനനുയോജ്യമായ സാഹചര്യം കുടുംബത്തിലും, ഇടവകയിലും ഉണ്ടാകണം. അത് ഒരുക്കേണ്ടത് എല്ലാവരുടെയും കടമയാണ്.


ദൈവരാജ്യത്തിനുവേണ്ടി സർവ്വവും സമർപ്പിക്കാൻ കൊതിക്കുകയും സമൂഹത്തിനുവേണ്ടി നന്മകൾ ചെയ്ത് കടന്നുപോകണമെന്ന് വാശിപിടിക്കുകയും ചെയ്യുന്നവരുടെ ഹൃദയാഭിലാഷങ്ങളെ കോർത്തിണക്കാൻ ദൈവവിളി പ്രോൽസാഹനമേഖലയ്ക്ക് എന്നത്തേതുപോലെ ഇന്നും സാധിക്കുന്നുണ്ട്.

ദൈവവിളി പ്രോത്സാഹനാർത്ഥം സഭയിൽ ആകമാനവും, സമർപ്പിത സമൂഹങ്ങളിൽ പ്രത്യേകിച്ചും നടക്കുന്ന എല്ലാ പ്രവർത്തനങ്ങളുടെയും വിജയത്തിനായി ഞാൻ പ്രാർത്ഥിക്കുന്നു. ഈ ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന അത്യഭിവന്ദ്യ കാതോലിക്കാബാവായേയും, അഭിവന്ദ്യ പിതാക്കന്മാരെയും, വൈദികരേയും, സന്യസ്തരേയും, അല്മായ പ്രേഷിതരേയും നന്ദിയോടെ അനുസ്മരിക്കുകയും അവരെ

അഭിനന്ദിക്കുകയും ചെയ്യുന്നു.

ദൈവം തന്റെ കരുണയും അനുഗ്രഹങ്ങളും നിങ്ങൾ ഓരോരുത്തരുടെമേലും നമ്മുടെ സഭയുടെമേലും വർഷിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. മലങ്കര സുറിയാനി കത്തോലിക്കാസഭ പൗരോഹിത്യ-സന്യസ്ത ദൈവവിളികൾകൊണ്ട് സമ്പന്നമാകട്ടെ എന്ന് ഉള്ളുരുകി പ്രാർത്ഥിക്കാം. എല്ലാവർക്കും പെന്തിക്കോസ്തി തിരുന്നാളിന്റെ അനുഗ്രഹങ്ങൾ നേരുന്നു.

എന്ന്,
കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി



**✠ സാമുവൽ മാർ ഐറേനിയോസ് മെത്രാപ്പോലിത്താ**
ചെയർമാൻ, ദൈവവിളിക്കുവേണ്ടിയുള്ള
സുന്നഹദോസ് കമ്മീഷൻ,
പത്തനംതിട്ട ഭദ്രാസനത്തിന്റെ മെത്രാൻ.

# മലങ്കര സുറിയാനി കത്തോലിക്കാ സഭ

## മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് പുതിയ രണ്ട് മെത്രാന്മാർ, ഗുഡ്ഗാവ് ഭദ്രാസനത്തിന് പുതിയ അധ്യക്ഷൻ

മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ ഡൽഹിയിലെ ഗുഡ്ഗാവ് സെന്റ് ജോൺ ക്രിസോസ്റ്റം ഭദ്രാസനത്തിന്റെ പുതിയ മെത്രാപ്പോലിത്തയായി പൂനെയിലെ കട്കി-സെന്റ് എഫ്രേം ഭദ്രാസനത്തിന്റെ മെത്രാപ്പോലിത്തയായി സേവനമനുഷ്ഠിച്ചു വരികയായിരുന്ന അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്തായെ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ അപേക്ഷയിൽ പ്രകാരം പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ നിയമിച്ചു. പുതിയ കാനോനിക നിയമനം ഉണ്ടാകുംവരെ പൂനാ കട്ക്കി സെന്റ് എഫ്രേം ഭദ്രാസനത്തിന്റെ മേജർ ആർക്കി എപ്പിസ് കോപ്പൽ അഡ്മിനിസ്ട്രേറ്ററായി അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്തായെ മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാ ബാവാ തിരു മേനി നിയമിച്ചു.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായുടെ മെത്രാനായി പെരിയ ബഹു. ഡോ. ആന്റണി കാക്കനാട്ടച്ചനെ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി നിയമിച്ചു. മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ സഭാതല സുവിശേഷ സംഘത്തിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായി ശുശ്രൂഷ നിർവഹിച്ചു വരികയായിരുന്നു അദ്ദേഹം.

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ സഹായ മെത്രാനായി മോൺ. ഡോ. മാത്യു മനക്കരക്കാവിൽ കോറെപ്പിസ്

കോപ്പായെ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി നിയമിച്ചു. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ മുഖ്യ വികാരി ജനറാലായി സേവനമനുഷ്ഠിച്ചുവരികയായിരുന്നു അദ്ദേഹം.

ഇതുസംബന്ധിച്ച ഔദ്യോഗിക പ്രഖ്യാപനം മെയ് 7-ാം തീയതി വത്തിക്കാനിലും ഇന്ത്യൻ സമയം വൈകിട്ട് 3:30 ന് പട്ടം സെന്റ് മേരീസ് കത്തീഡ്രലിലും നടന്നു. നിയുക്ത മെത്രാന്മാരെ മോറോൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ തിരുമേനിയും മറ്റ് മെത്രാപ്പോലിത്താ മാരും ചേർന്ന് സ്ഥാനിക ചിഹ്നങ്ങൾ അണിയിച്ചു. പരിശുദ്ധ സുന്നഹദോസ് സെക്രട്ടറിയും തിരുവല്ല ആർച്ച് ബിഷപ്പുമായ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായാണ് നിയമന കൽപ്പന വായിച്ചത്. മാർത്താണ്ഡം ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് മെത്രാപ്പോലീത്താ, പത്തനംതിട്ട ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത, പാറശ്ശാല ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയൂസ് മെത്രാപ്പോലീത്താ, പത്തനംതിട്ട ഭദ്രാസനം മുൻ അധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോ ലീത്താ എന്നിവർ പ്രഖ്യാപന വേളയിൽ സന്നിഹിതരായിരുന്നു. അനേകം വൈദികരും, സിസ്റ്റേഴ്സും, അല്മായരും പ്രഖ്യാപന ചടങ്ങിൽ പങ്കെടുത്തു. ജൂൺ മാസം 30-ന് അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് മെത്രാ പ്പോലീത്തായുടെ സ്ഥാനാരോഹണം ഗുഡ്ഗാവ് ഭദ്രാസനത്തിൽ നടക്കും. ജൂലൈ മാസം 15ന് പുതിയ മെത്രാൻമാരുടെ മെത്രാഭിഷേകം തിരുവന ന്തപുരം പട്ടം സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ നടത്ത പ്പെടുന്നതാണ്.

# ഭദ്രാസന വാർത്തകൾ

## 'സഹയാത്രികയായ സഭ' ജില്ലാതല സുന്നഹദോസുകൾ നടത്തി

2023 ലെ മെത്രാന്മാരുടെ ആഗോള കത്തോലിക്കാ സഭാ സുന്നഹദോസ് 'സഹയാത്രികയായ സഭ'യെ പഠനവിഷയമാക്കുന്നതിന്റെ ഒരുക്കങ്ങളുടെ ഭാഗമായി, പാറശ്ശാല ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയൂസ് പിതാവ് 2021 ഡിസംബർ 18 ന് ഭദ്രസനതല സുന്നഹദോസിന്റെ ഉദ്ഘാടനം നിർവ്വഹിച്ചാരംഭിച്ച പാറശ്ശാല ഭദ്രാസന സുന്നഹദോസിന്റെ ജില്ലാ സുന്നഹദോസുകൾ 2022 മെയ് 01, 08, 15, 22, 29 തീയതികളിൽ കാട്ടാക്കട, ചെമ്പൂര്, ബാലരാമപുരം, പാറശ്ശാല, നെയ്യാറ്റിൻകര എന്നീ വൈദിക ജില്ലകളിൽ വച്ച് നടത്തി. റൈറ്റ് റവ. മോൺ. ജോസ് കോണത്തുവിള ഉദ്ഘാടനം നിർവ്വഹിച്ച ജില്ലാ സുന്നഹദോസുകളിൽ വെരി. റവ. ഡോ. പ്രഭീഷ് ജോർജ്ജ് മേക്കരികത്തും ഫാ. ബനഡിക്ട് വാറുവിളയും ക്ലാസുകൾ നയിച്ചു. ക്ലാസ്സുകൾക്ക് ശേഷം പങ്കെടുത്ത എല്ലാവരെയും ആറു ഗ്രൂപ്പുകളായി തിരിച്ച് ചർച്ചകൾ നടത്തി. ചർച്ചകളുടെ സംക്ഷിപ്തരൂപം ഗ്രൂപ്പ് പ്രതിനിധികൾ അവതരിപ്പിച്ചു. വൈദികരും സന്യാസിനിമാരും ഇടവക പ്രതിനിധികളും പങ്കെടുത്ത ജില്ലസുന്നഹദോസുകൾക്ക് ജില്ലാ വികാരിയച്ചന്മാർ നേതൃത്വം നൽകി.

## New Appointments

| | | |
|---|---|---|
| Chancellor | : | Very Rev. Fr. Bijoy Ooralivila |
| District Vicar Chemboor | : | Very Rev Fr. Sajan Puthenveedu |
| District Vicar Parassala | : | Very Rev Fr. Thomas Eettikalayil |

## New Appointments of Priets and Parishes

| | |
|---|---|
| 1. Rev. Fr. Thomas Eettikkalayil | Cathedral (Parassala)<br>Panayarackal |
| 2. Rev. Fr. Thomas Vattapparambil | Kudayal (Parassala) |
| 3. Rev. Fr. Bernad Valiyavila | Cheruvarakkonam<br>Vannyacode |
| 4. Rev. Fr. Prabheesh George | Vandannoor |
| 5. Rev. Fr. Bijoy Ooralivila | Perumpazhuthoor |
| 6. Rev. Fr. Agustin Konathuvila | Pazhaya Uchakkada |
| 7. Rev. Fr. Jose Parayilkada | Chemboor<br>Chanaikonam<br>Manchamkode |
| 8. Rev. Fr. Vimal Vincent | Mylakkara<br>Kadampra<br>Marakkunnam |
| 9. Rev Fr. George Thomas | Panachamoodu<br>Cheryiakolla Kudayal<br>Muttachal |
| 10. Rev. Fr. Chacko Karippon | Pappanam<br>Kattuvila |
| 11. Rev. Fr. Alphonse Poikavila | Chaikulam<br>Cherukode<br>Poovachal |
| 12. Rev. Fr. Joseph Mekkumkara | Punnavoor<br>Kallamam<br>Neerazhikkonam |

| | |
|---|---|
| 13. Rev. Fr. Sebastian Nirappuvila<br>*Asst. Vicar* | Manchavilakom<br>Aruviyodu |
| 14. Rev. Fr. Joshua Thenuvila<br>*Asst. Vicar* | Chowara<br>Punnakkulam<br>Kalluvettamkuzhy (Vizhinjam) |

## Special Appointments

| | |
|---|---|
| 1. Re. Fr. Joseph Mekkumkara | Bursar, Carmala Matha EMS<br>Punnavoor |
| 2. Rev. Fr. Prabheesh George | Bursar, St. Mary's EMS<br>Vandannoor |
| 3. Rev. Fr. Bijoy Ooralivila | Bursar, Holy Queen EMS<br>Neyyattinkara |
| 4. Rev. Fr. Jose Parayilkada | Bursar, St. Joseph's EMS,<br>Chemboor |
| 5. Rev. Fr. Varghese Kodithara | Manager, Kanchiyode Estate |

# വിശ്വാസ പരിശീലന കാര്യാലയം



## എം.ബി.ഒ.സി.

ഈ വർഷത്തെ എം.ബി.ഒ.സി. ട്രെയിനിങ് ചാരോട്ടുകോണം ദൈവാലയത്തിൽ വച്ച് നടന്നു. ബഹുമാനപ്പെട്ട പ്രഭീഷ് അച്ചൻ ട്രെയിനിങ്ങിന് നേതൃത്വം നൽകി. വിഷയം 'സഭയാകുകയെന്നാൽ'. ഈ വർഷം എം.ബി.ഒ.സി. 35 ദൈവാലയങ്ങളിൽ നടന്നു. പ്രിയപ്പെട്ട ബ്രദേഴ്സും സിസ്റ്റേഴ്സും ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

## റബ്ബോനി



സൺഡേസ്കൂൾ അധ്യാപകർക്കായി നടത്തപ്പെട്ട ഏകദിന സെമിനാർ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവ് ഉദ്ഘാടനം ചെയ്തു. സൺഡേ സ്കൂൾ ഡയറക്ടർ സന്തോഷ് എണ്ണവിള അച്ചന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വികാരി ജനറാൾ റൈറ്റ് റവ. സെലിൻ ജോസ് കോണത്തുവിള ആശംസയർപ്പിച്ചു. സൺഡേസ്കൂൾ സെക്രട്ടറി ശ്രീ. വിൻസെന്റ് സ്വാഗതവും എക്സിക്യൂട്ടീവ് അംഗം ശ്രീ. മണിവർണ്ണൻ

കൃതജ്ഞതയും പ്രകാശിപ്പിച്ചു. എണ്ണൂറിലധികം അധ്യാപകർ പങ്കെടുത്തു. ശ്രീ. ജിജി ജോസഫ് ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

## ആദരവ്



മത അധ്യാപനത്തിൽ 25 വർഷം പൂർത്തിയാക്കിയ അധ്യാപകരെ അന്നേദിവസം ആദരിച്ചു.

## രണ്ടാം സെമസ്റ്റർ

രണ്ടാം സെമസ്റ്റർ പരീക്ഷ വിവിധ ദൈവാലയങ്ങളിൽ വച്ച് നടന്നു. വിവിധ ക്ലാസുകളിലേക്കുള്ള സ്കോളർഷിപ്പ് പരീക്ഷകളും 10, 12 ക്ലാസുകളിലേക്കുള്ള സർട്ടിഫിക്കറ്റ് പരീക്ഷകളും നടന്നു. ഡിഗ്രി ഒന്ന്, രണ്ട് വർഷങ്ങളിലെ ക്ലാസ്സുകളുടെ പരീക്ഷയും നടത്തി.

വിവിധ പരീക്ഷകളുടെ മൂല്യനിർണയ ക്യാമ്പ് ചാരോട്ടുകോണം ദൈവാലയത്തിൽ വച്ച് നടന്നു. 42 അധ്യാപകർ മൂല്യനിർണയ ക്യാമ്പിൽ പങ്കെടുത്തു. 10 12 ക്ലാസുകളുടെ റിസൾട്ട് പബ്ലിഷ് ചെയ്തു, തുടർന്ന് റാങ്കു കൾ പ്രഖ്യാപിച്ചു. വിവിധ ക്ലാസുകളിലെ റാങ്ക് കരസ്ഥമാക്കിയ വിദ്യാർത്ഥി-വിദ്യാർഥിനികളെ അനുമോദിക്കുന്നു.

## പ്രവേശനോത്സവം

2022-23 വർഷത്തെ സൺഡേ സ്കൂൾ പ്രവേശനോത്സവം 2022 ജൂൺ മാസം അഞ്ചാം തീയതി പാറശ്ശാല സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് നടന്നു. പാറശ്ശാല ഭദ്രാസന വികാരി ജനറാൾ




റൈറ്റ് റവ. സെലിൻ ജോസ് കോണത്തുവിള ഉദ്ഘാടനം ചെയ്തു. ഭദ്രാസന ഡയറക്ടർ ബഹുമാനപ്പെട്ട സന്തോഷ് എണ്ണവിള അച്ചൻ അധ്യക്ഷനായിരുന്നു.

## ഹെഡ്മാസ്റ്റേഴ്സ് മീറ്റിംഗ്

പാറശ്ശാല ഭദ്രാസനത്തിലെ സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർമാരുടെ മീറ്റിംഗ് 2022 ജൂൺ മാസം പന്ത്രണ്ടാം തീയതി ബാലരാമപുരം ദൈവാലയത്തിൽ വച്ച് നടത്തുന്നു. എല്ലാ ഹെഡ്മാസ്റ്റർമാരും കൃത്യമായി പങ്കെടുക്കേണ്ടതാണ്.

## സ്റ്റഡി കിറ്റ്

ഭദ്രാസനത്തിലെ എം.സി.സി.എൽ. ന്റെ ആഭിമുഖ്യത്തിൽ പഠനത്തിൽ മുന്നിട്ടു നിൽക്കുന്നതും എന്നാൽ സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുമുള്ള കുട്ടികൾക്ക് പഠന കിറ്റ് നൽകി സഹായിക്കുന്നു.

## എയ്ഞ്ചൽസ് മീറ്റ്

ഭദ്രാസനത്തിലെ വിവിധ ദൈവാലയങ്ങളിലെ അൾത്താര ബാലന്മാരുടെ മീറ്റിംഗ് 2022 ജൂൺ മാസം ഇരുപത്തിയഞ്ചാം തീയതി ഞായറാഴ്ച നടക്കുന്നു.

## സേ പരീക്ഷ

10, 12 ക്ലാസുകളിൽ വിജയിക്കാനാകാത്ത കുട്ടികൾക്കായി സേ പരീക്ഷ ജൂൺ മാസം 26-ാം തീയതി ചരോട്ടുകോണം ദൈവലയത്തിൽ വച്ച് നടത്തുന്നു.

## സർട്ടിഫിക്കറ്റ് പരീക്ഷയും സ്കോളർഷിപ്പ് പരീക്ഷയും

10 12 ക്ലാസുകളിലെ സർട്ടിഫിക്കറ്റ് പരീക്ഷയും 3 മുതൽ 9 വരെയും 11, ഡിഗ്രി ഒന്നും രണ്ടും വർഷ ക്ലാസ്സുകളിലെ സ്കോളർഷിപ്പ് പരീക്ഷയും മെയ് 15-ാം തീയതി ജില്ല കേന്ദ്രങ്ങളിൽ വച്ച് നടത്തി.

## പുസ്തക വിതരണം

2022-23 അധ്യയന വർഷത്തേക്ക് ആവശ്യമായ സൺഡേസ്കൂൾ പുസ്തകങ്ങൾ ജൂൺ മാസം 18-ാം തീയതി ജില്ലാ കേന്ദ്രങ്ങളിൽ വിതരണം നടത്തി.

## എം.സി.സി.എൽ.


മലങ്കര കത്തോലിക്കാ സഭയിലെ കുഞ്ഞുങ്ങൾക്ക് വേണ്ടിയുള്ള ഭക്തസംഘടനയാണല്ലോ എം.സി.സി.എൽ. നമ്മുടെ എല്ലാ ദൈവാലയങ്ങളിലും എം.സി.സി.എൽ. യുണിറ്റുകൾ ഉണ്ടായിരിക്കേണ്ടതാണ്. ഏതെങ്കിലും ദൈവാലയങ്ങളിൽ എം.സി.സി.എൽ. യൂണിറ്റ് നിലവിൽ ഇല്ലെങ്കിൽ എത്രയും വേഗം എം.സി.സി.എൽ. യൂണിറ്റ് സ്ഥാപിക്കുവാൻ എല്ലാവരും ശ്രദ്ധിക്കണം. ജൂൺ മാസം ഇരുപത്തിയാറാം തീയതിക്കുള്ളിൽ ഓരോ ഇടവകയിലും എം.സി.സി.എൽ. യൂണിറ്റ് സ്ഥാപിച്ചു ഭാരവാഹികളെ തിരഞ്ഞെടുക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഇടവകതലത്തിൽ തിരഞ്ഞെടുക്കുന്ന ഭാരവാഹികളുടെ ലിസ്റ്റ് ജൂൺ 28-ാം തീയതിക്കുള്ളിൽ ജില്ലാ ഡയറക്ടർമാർക്ക് നൽകേണ്ടതാണ്.

ആഴ്ചയിലൊരു ദിവസം സൗകര്യപ്രദമായ സമയത്ത് എം.സി.സി. എൽ. യൂണിറ്റ് മീറ്റിംഗ് കൂടുന്നതിനുള്ള ക്രമീകരണം ചെയ്യേണ്ടതാണ്. എം.സി.സി.ൽ. മീറ്റിംഗ് ക്രമീകരിക്കുന്ന സമയത്ത് ഇടവകയിലെ വികാരിയച്ചന്റെയോ സിസ്റ്റേഴ്സിന്റെയോ അധ്യാപകരുടെയോ സാന്നിദ്ധ്യം ഉണ്ടായിരിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കുമല്ലോ.



# എം.സി.വൈ.എം.

## സമ്പൂർണ ബൈബിൾ പാരായണം സമാപിച്ചു




പാറശ്ശാല ഭദ്രാസനത്തിലെ യുവജനപ്രസ്ഥാനമായ എം.സി. വൈ.എം.ന്റെ നേതൃത്വത്തിൽ 2022 ഫെബ്രുവരി 25 ന് ആരംഭിച്ച സമ്പൂർണ ബൈബിൾ പാരായണ പരിപാടിയായ Lectio Divina 2022 ജൂൺ 3-ന് സമാപിച്ചു. സ്വദേശത്തും വിദേശത്തുമുള്ള അനേകർക്ക് പഴയനിയമവും പുതിയ നിയമവും ഉൾപ്പെടുന്ന വി. വേദപുസ്തകം 100 ദിവസംകൊണ്ട് പൂർണമായി വായിക്കാവുന്ന രീതിയിലാണ് Lectio Divina ക്രമീകരിച്ചിരുന്നത്. ഓരോ ദിവസത്തെയും വായനകൾ (പഴ യനിയമം, സങ്കീർത്തനങ്ങൾ, പുതിയനിയമം) പ്രത്യേകം തയ്യാറാക്കി സോഷ്യൽ മീഡിയവഴി ഓൺലൈനായി എല്ലാ ദിവസവും രാവിലെ

നൽകിയിരുന്നു. എം.സി.വൈ.എം. പാറശാല ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ നടന്ന Lectio Divina അനേകർക്ക് ബൈബിൾ സമ്പൂർണമായി വായിക്കാൻ പ്രചോദനവും സഹായകവുമായിരുന്നു.

## തലീത്താക്കും 2022

പാറശ്ശാല ഭദ്രാസനത്തിലെ യുവജനപ്രസ്ഥാനമായ എം.സി.വൈ.എം.ന്റെ നേതൃത്വത്തിൽ നിർദ്ധനരായ കുട്ടികളുടെ വിദ്യാഭ്യാസത്തിന് കൈത്താങ്ങായി യുവജനങ്ങളുടെ നേതൃത്വത്തിൽ വിദ്യാഭ്യാസ സഹായ ഫണ്ട് രൂപീകരിച്ചു. 2022 മെയ് 22, 29 ഞായറാഴ്ചകളിലായി യൂണിറ്റുകളുടെ നേതൃത്വത്തിൽ കാഴ്ചസമർപ്പണം നടത്തി സ്വരൂപിച്ച തുകയാണ് ഫണ്ടായി ശേഖരിക്കുന്നത്. യൂണിറ്റുകൾ ആ തുക ജില്ല കേന്ദ്രങ്ങൾ വഴി ഭദ്രാസന സമിതിക്ക് കൈമാറേണ്ടതാണ്. പ്രസ്തുത തുക ഭദ്രാസന സമിതി ഭദ്രാസനാദ്ധ്യക്ഷന് നൽകുന്നതും ഭദ്രാസനത്തിലെ അർഹരായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പായി നൽകുന്നതുമാണ്. തലീത്താക്കും-2022 ൽ പങ്കാളികളായ എല്ലാവർക്കും ഭദ്രാസന സമിതിയുടെ കൃതജ്ഞത അറിയിക്കുന്നു.




## അസീസ്സിയൻ സാഹിത്യോത്സവം

യുവജനങ്ങളുടെ സാഹിത്യാഭിരുചി പ്രോത്സാഹിപ്പിക്കാനായി സംഘടിപ്പിക്കുന്ന അസീസ്സിയൻ സാഹിത്യോത്സവത്തിന്റെ രചനാമത്സരങ്ങൾ ജൂൺ മാസം 19, 26 ഞായറാഴ്ചകളിലായി ഉച്ചയ്ക്ക് 2 മണി മുതൽ വൈദികജില്ലാ കേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെടുന്നതാണ്. മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുമുമ്പായി യൂണിറ്റ് അഫിലിയേഷനും യുവജനങ്ങളുടെ അംഗത്വപുതുക്കലും പൂർത്തിയാക്കിയിരിക്കേണ്ടതാണ്.




**ജൂൺ 19 ഞായർ ഉച്ചയ്ക്ക് 2 മുതൽ**

**1. ഉപന്യാസ രചന – മലയാളം (50 മിനിറ്റ്) 2 മുതൽ 2.50 വരെ**

* യുവാക്കൾക്കും യുവതികൾക്കും പ്രത്യേകം

* മത്സര സമയത്ത് നൽകുന്ന വിഷയം ആസ്പദമാക്കി ഉപന്യാസം തയ്യാറാക്കുക

**2. കവിതാ രചന – മലയാളം (45 മിനിറ്റ്) 3 മുതൽ 3.45 വരെ**

* യുവാക്കൾക്കും യുവതികൾക്കും പ്രത്യേകം

* മത്സര സമയത്ത് നൽകുന്ന വിഷയം ആസ്പദമാക്കി കവിത തയ്യാറാക്കുക

**2. പേപ്പർ ക്രാഫ്റ്റ് (30 മിനിറ്റ്) 3.50 മുതൽ 4.20 വരെ**

* വിഷയം : എന്റെ ഗ്രാമം

* വിഷയവുമായി യോജിച്ച കലാസൃഷ്ടികൾ മത്സരാർത്ഥികൾ നിർമ്മിക്കേണ്ടതാണ്.

* ഒരു യൂണിറ്റിൽ നിന്നും പരമാവധി 2 പേർക്ക് പങ്കെടുക്കാവുന്നതാണ്. ഒരാൾക്ക് മാത്രമായും മത്സരിക്കാവുന്നതാണ്. എന്നാൽ ഗ്രൂപ്പ് ഇനമായിട്ടായിരിക്കും പരിഗണിക്കുക.

* പ്ലാസ്റ്റിക്, തെർമോകോൾ, റെഡിമെയ്ഡ് വസ്തുക്കൾ, വർണ്ണ ക്കടലാസുകൾ തുടങ്ങിയവ ഉപയോഗിക്കാൻ പാടുള്ളതല്ല.
* മുൻകൂട്ടി തയ്യാറാക്കിയ ഒരു ഡിസൈനും മത്സരത്തിൽ അനുവദിക്കുന്നതല്ല.

**3. വേദവാക്യ രചന (20 മിനിറ്റ്) 4.30 മുതൽ 4.50 വരെ**

* യുവാക്കൾക്കും യുവതികൾക്കും പ്രത്യേകം
* പ്രഭാഷകന്റെ പുസ്തകത്തിൽ നിന്നുള്ള വേദഭാഗങ്ങളാണ് എഴുതേണ്ടത്.
* തുടർച്ചയായ തിരുവചനങ്ങൾ എഴുതുവാൻ പാടുള്ളതല്ല.
* എഴുതുന്ന വാക്യങ്ങൾ പൂർണമായും എഴുതേണ്ടതാണ്.

**ജൂൺ 26 ഞായർ ഉച്ചയ്ക്ക് 2 മുതൽ**

**1. ഉപന്യാസ രചന - ഇംഗ്ലീഷ് (50 മിനിറ്റ്) 2 മുതൽ 2.50 വരെ**

* യുവാക്കൾക്കും യുവതികൾക്കും പ്രത്യേകം
* മത്സര സമയത്ത് നൽകുന്ന വിഷയം ആസ്പദമാക്കി ഉപന്യാസം തയ്യാറാക്കുക

**2. ചിത്രരചന – പെൻസിൽ ഡ്രോയിംഗ് (45 മിനിറ്റ്) 3 മുതൽ 3.45 വരെ**

* പെൻസിൽ മാത്രം ഉപയോഗിക്കുക
* മത്സര സമയത്ത് വിഷയം നൽകുന്നതാണ്.

**3. ചെറുകഥ രചന (45 മിനിറ്റ്) 3.50 മുതൽ 4.35 വരെ**

* യുവാക്കൾക്കും യുവതികൾക്കും പ്രത്യേകം
* മത്സര സമയത്ത് നൽകുന്ന വിഷയം ആസ്പദമാക്കി ഉപന്യാസം തയ്യാറാക്കുക

**4. ബൈബിൾ ക്വിസ് (30 മിനിറ്റ്) 4.45 മുതൽ 5.15 വരെ**

* ഒരു യൂണിറ്റിൽ നിന്ന് പരമാവധി 3 പേർക്ക് പങ്കെടുക്കാവുന്നതാണ്.

* പാഠഭാഗങ്ങൾ : പൊതുവിജ്ഞാനം (15%) എം.സി.വൈ.എം തീം 2022-യുവജനങ്ങൾ സഹയാത്രികർ (20%) ഭരണഘടന (15%) ലോഗോസ് ക്വിസ്സിന്റെ വേദഭാഗങ്ങൾ (50%) - ജോഷ്വാ 1-12, പ്രഭാഷകൻ 23-26, മർക്കോസ് 9-16, 1 കോറിന്തോസ് 9-16.

**പത്ര നിർമ്മാണം**

* പത്രമാതൃകയിൽ (3 ചാർട്ട് പേപ്പർ 12 പേജ്) "ഞങ്ങളുടെ ഇടവക" എന്ന വിഷയം അടിസ്ഥാനമാക്കി തയ്യാറാക്കുക
* പത്രത്തിന് ഒരു പേര് ഉണ്ടായിരിക്കണം

* ഇടവക ചരിത്രം, ആഘോഷങ്ങൾ, പ്രധാന വ്യക്തികൾ സംഘ ടനാ പ്രവർത്തനങ്ങൾ മുതലായവ സംബന്ധിച്ചുള്ള ലേഖനം, കാർട്ടൂൺ, പരസ്യം, അഭിമുഖം തുടങ്ങിയവ പത്രവാർത്താ രീതിയിൽ തയ്യാറാക്കുക

  ന്യൂസ് പേപ്പർ കട്ടിംഗ്സ്, സ്റ്റിക്കർ, കളർ പേപ്പർ എന്നിവ ഉപയോ ഗിച്ചുള്ള ചിത്രപ്പണികൾ എന്നിവ അനുവദനീയമല്ല.

  രചനാ മത്സരങ്ങളുടെ സമാപന ദിവസമായ ജൂൺ 26 ഞായറാഴ്ച 4 മണിക്ക് മുമ്പായി പത്രം ജില്ലാ കേന്ദ്രങ്ങളിൽ എത്തിക്കേണ്ടതാണ്.

**പൊതുനിർദ്ദേശങ്ങൾ**

* മാനദണ്ഡങ്ങൾ പരിഗണിച്ച് ജില്ലാതലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ കലാസൃഷ്ടികൾ ജൂലൈ 17 വൈകിട്ട് 6 മണിക്ക് മുമ്പായി ഭദ്രാസന എം.സി.വൈ.എം. കാര്യാലയത്തിൽ (ചെമ്പ രത്തിവിള) ഏൽപിക്കേണ്ടതാണ്.
* സമയ ക്രമീകരണങ്ങൾ കൃത്യമായി പാലിക്കാൻ പ്രത്യേകം ശ്രദ്ധി ക്കേണ്ടതാണ്
* ജില്ലാ പ്രസിഡന്റ്, ജില്ലാ സെക്രട്ടറി, രൂപതാ ഭാരവാഹികൾ എന്നി വർ രചനാമത്സരങ്ങളിൽ പങ്കെടുക്കാൻ പാടുള്ളതല്ല.
* 2022-23 വർഷത്തെ അഫിലിയേഷൻ പൂർത്തീകരിച്ച യൂണിറ്റുകൾ ക്കും അംഗത്വം പുതുക്കിയ യുവജനങ്ങൾക്കും (15-30 പ്രായപരിധി) മാത്രമേ മത്സരങ്ങളിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ.




# സെമിനാരി വാർത്തകൾ

## വൈദിക വസ്ത്രം സ്വീകരിച്ചു

പാറശ്ശാല സ്നേഹദീപം മൈനർ സെമിനാരി ചാപ്പലിൽ വച്ച് 2022 ഏപ്രിൽ 29-ാം തീയതി അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവിൽ നിന്നും പാറശ്ശാല ഭദ്രാസനത്തിനുവേണ്ടി വൈദിക പരിശീലനം നടത്തുന്ന ബ്രദർ അഖിൽ ശാലോം, ബ്രദർ പറമ്പിൽ ജോർജ്ജ്, ബ്രദർ പുത്തൻവീട് ജോബി എന്നിവർ വൈദിക വസ്ത്രം സ്വീകരിച്ചു. പാറശ്ശാല ഭദ്രാസന വികാരി ജനറാൾ റൈറ്റ് റവ. മോൺ. ജോസ് കോണത്തുവിള, ബഹു. വൈദികർ, സന്യസ്തർ, ബന്ധുമിത്രാദികൾ തുടങ്ങിയവർ സംബന്ധിച്ചു. ക്രമീകരണങ്ങൾക്ക് മൈനർ സെമിനാരി റെക്ടർ വെരി റവ. ഫാ. അലോഷ്യസ് തുണ്ടുതട്ട് നേതൃത്വം നൽകി.

## പൂർണ്ണ ശെമ്മാശപട്ടം സ്വീകരിച്ചു

പാറശ്ശാല സ്നേഹദീപം മൈനർ സെമിനാരി ചാപ്പലിൽ വച്ച് 2022 ഏപ്രിൽ 30-ാം തീയതി അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവിൽ നിന്നും പാറശ്ശാല ഭദ്രാസനത്തിനുവേണ്ടി ബ്രദർ അലക്സാണ്ടർ അറത്തലക്കൽ, ബ്രദർ സെബാസ്റ്റ്യൻ തിനവിള എന്നിവർ പൂർണ്ണ ശെമ്മാശപട്ടം സ്വീകരിച്ചു.

## കോറൂയോ, ഹെവ്പ്പദ്യോക്ക്നോ പട്ടങ്ങൾ

പാറശ്ശാല സ്നേഹദീപം മൈനർ സെമിനാരി ചാപ്പലിൽ വച്ച് 2022 ഏപ്രിൽ 29-ാം തീയതി അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവിൽ നിന്നും പാറശ്ശാല ഭദ്രാസനത്തിനുവേണ്ടി ബ്രദർ കോട്ടവിള ജോഷ്വാ, ബ്രദർ പൂവൻവിള ജോൺപോൾ, ബ്രദർ തിരുഹൃദയം സാമുവേൽ എന്നിവർ ഹെവ്പ്പദ്യോക്ക്നോ പട്ടവും ബ്രദർ ക്രൈസ്റ്റ് നിവാസ് ഫിലിപ്പ്, ബ്രദർ കാരവിള ബോസ്കോ, ബ്രദർ മുല്ലശ്ശേരി അനിറ്റ്, ബ്രദർ തുണ്ടിയിൽ സിബി, ബ്രദർ ഉഴുന്നുവിളയിൽ അനുമോൻ എന്നിവർ കോറൂയോ പട്ടവും സ്വീകരിച്ചു.

## മേജർ സെമിനാരി ക്യാമ്പ്

പാറശ്ശാല ഭദ്രാസനത്തിനുവേണ്ടി വൈദിക പരിശീലനത്തിലായിരിക്കുന്ന മേജർ സെമിനാരി വൈദിക വിദ്യാർത്ഥികളുടെ ക്യാമ്പ് മുക്കംപാലയിൽ വച്ച് അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് തിരുമേനിയുടെ പ്രത്യേക സാന്നിധ്യത്തിൽ 2022 ഏപ്രിൽ 22, 23, 24 തീയതികളിൽ നടത്തി. ക്രമീകരണങ്ങൾക്ക് മൈനർ സെമിനാരി റെക്ടർ വെരി റവ. ഫാ. അലോഷ്യസ് തുണ്ടുതട്ട് നേതൃത്വം നൽകി.

## തത്വശാസ്ത്ര പഠനം ആരംഭിച്ചു

പാറശ്ശാല ഭദ്രാസനത്തിനു വേണ്ടി വൈദിക പരിശീലനത്തിലായിരിക്കുന്ന ബ്രദർ എള്ളുവിള അനുജിത്, ബ്രദർ കണിയാൻവിള സജിൻ, ബ്രദർ പൊറ്റപുതുവൽ ജിത്തു എന്നിവർ മൈനർ സെമിനാരി പരിശീലനം പൂർത്തിയാക്കി, തൃശ്ശൂർ മേരി മാതാ മേജർ സെമിനാരിയിൽ തത്വശാസ്ത്ര പഠനം ആരംഭിച്ചു.

## ദൈവശാസ്ത്ര പഠനം ആരംഭിച്ചു

പാറശ്ശാല ഭദ്രാസനത്തിനു വേണ്ടി വൈദിക പരിശീലനത്തിലായിരിക്കുന്ന ബ്രദർ ശാലോം അഖിൽ, ബ്രദർ പറമ്പിൽ ജോർജ്ജ്, ബ്രദർ പുത്തൻവീട് ജോബി എന്നിവർ റീജൻസി പൂർത്തിയാക്കി തിരുവനന്തപുരം സെന്റ് മേരീസ് മലങ്കര മേജർ സെമിനാരിയിൽ ദൈവശാസ്ത്ര പഠനം ആരംഭിച്ചു.

## പുതിയ സെമിനാരി വിദ്യാർത്ഥികളെ സ്വീകരിച്ചു

പാറശ്ശാല ഭദ്രാസനത്തിനു വേണ്ടി വൈദികരാകുവാൻ ആഗ്രഹിക്കുന്ന ആറു ആൺകുട്ടികളെ 2022 ജൂൺ 19 ന് അഭിവന്ദ്യ തോമസ് മാർ യൂസേബിയൂസ് തിരുമേനി പാറശ്ശാല സ്നേഹദീപം മൈനർ സെമിനാരിയിലേക്ക് സ്വീകരിച്ചു. പുതിയ വൈദിക വിദ്യാർത്ഥികളുടെ പേരും ഇടവകയും ചുവടെ ചേർക്കുന്നു.

1. ബ്രദർ അജീഷ് കിഴക്കിൻകര - പുനലാൽ,
2. ബ്രദർ അനീഷ് പുത്തൻവീട് - മുട്ടച്ചൽ,
3. ബ്രദർ സുബിൻ കുന്നിൻപുറം - തൊഴുക്കൽക്കോണം
4. ബ്രദർ ആനന്ദ് രാജ് മേലേക്കോണം - കുടായാൽ
5. ബ്രദർ അബി ബെത്ശാലോം - അമ്പിളികോണം
6. ബ്രദർ സുജിത് എസ്. ബി കോട്ടേജ് - ചെമ്പരത്തിവിള

# എം.സി.എ.

MALANKARA CATHOLIC ASSOCIATION
TRUTH UNITY PEACE



## ആഗോള അല്മായ ദിനാഘോഷം

മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ ആഗോള അല്മായ ദിനാഘോഷം പാറശ്ശാലയിൽ വച്ച് വിപുലമായി ആഘോഷിച്ചു. അല്മായർ സഹയാത്രികരായി സഭയുടെ പ്രവർത്തനങ്ങളിൽ പങ്കാളിത്തമുള്ളവരായി മാറണമെന്നും കൂട്ടായ്മയുടെ ആത്മീയത നാം ആർജ്ജിച്ചെടുത്ത് സഭയുടെ ദൗത്യവും പങ്കാളിത്തവും ഉള്ളവരായി മാറണമെന്നും നമ്മുടെ ശുശ്രൂഷയും സുവിശേഷ സാക്ഷ്യവും മറ്റുള്ളവർക്ക് നന്മയായി ഭവിക്കണമെന്നും അഭിവന്ദ്യ ഡോ. തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത അഭിപ്രായപ്പെട്ടു. സഭാതലത്തിൽ പാറശ്ശാലയിൽ വച്ച് നടത്തിയ അല്മായ ദിനാഘോഷം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. വിവിധ ഭദ്രാസനങ്ങളിൽ നിന്നും പ്രവർത്തകർ പ്രസ്തുത പരിപാടിയിൽ പങ്കെടുത്തു. ഗ്ലോബൽ പ്രസിഡന്റ് പി. പോൾരാജ് അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ വൈദിക ഉപദേഷ്ടാവ് ഫാ. ജോൺ അരീക്കൽ, ജനറൽ സെക്രട്ടറി വി. സി. ജോർജ്ജുകുട്ടി, ഭദ്രാസന പ്രസിഡന്റ് ധർമ്മരാജ്, ജനറൽ സെക്രട്ടറി സബീഷ് പീറ്റർ, വൈസ് പ്രസിഡന്റ് രാജേന്ദ്രൻ, എം.സി.വൈ.എം. സഭാതല പ്രസിഡന്റ് എയ്ഞ്ചൽ മേരി, വർഗ്ഗീസ് മാമ്മൻ (ഡൽഹി), രാജൻ വർഗീസ് (പൂനെ), മിനി ബാബു (മാവേലിക്കര), വൽസാ ജോൺ (തിരുവനന്തപുരം), ജോർജ്ജ്കുട്ടി, രാജേന്ദ്രബാബു (മാർത്താണ്ഡം) എന്നിവർ പ്രസംഗിച്ചു.

## 'ദിയക്കോണീയ' - കർമ്മപദ്ധതി ഉദ്ഘാടനം

മലങ്കര കാത്തലിക് അസോസിയേഷൻ നെയ്യാറ്റിൻകര വൈദിക ജില്ലാ സമിതിയുടെ ആഭിമുഖ്യത്തിൽ 'ദിയക്കോണീയ' -കർമ്മപദ്ധതി ഉദ്ഘാടനം പൂവാർ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് സഭാതല പ്രസിഡന്റ് പോൾരാജ് ഉദ്ഘാടനം ചെയ്തു. പ്രസ്തുത പരിപാടിയിൽ വൈദിക ജില്ലാ ഡയറക്ടർ ഫാ. ജോൺ പോൾ ഒ.ഐ.സി. ആമുഖപ്രഭാഷണം നടത്തി. നെയ്യാറ്റിൻകര വൈദിക ജില്ലാ വികാരി




ഫാ. ആന്റണി പ്ലാംപറമ്പിൽ മുതിർന്ന വ്യക്തികളെ ആദരിക്കുകയും രോഗി സഹായ നിധി സഹായം നൽകുകയും ചെയ്തു. നെയ്യാറ്റിൻകര വൈദിക ജില്ലാ പ്രസിഡന്റ് മോഹനൻ കണ്ണറവിള അദ്ധ്യക്ഷത വഹിച്ചു. പാറശ്ശാല ഭദ്രാസന പ്രസിഡന്റ് ധർമരാജ് പിൻകുളം. ജനറൽ സെക്രട്ടറി സബീഷ് പീറ്റർ തിരുവല്ലം, പി. പൗലോസ്, ജെസി പ്രാവച്ചമ്പലം, വൈദിക ജില്ലാ ജനറൽ സെക്രട്ടറി അനീഷ് വടകര, ട്രഷറർ പീറ്റർ എന്നിവർ പ്രസംഗിച്ചു.

## പരിസ്ഥിതി ദിനാചരണം



മലങ്കര കാത്തലിക് അസോസിയേഷൻ പാറശ്ശാല ഭദ്രാസന സമിതിയുടെ ആഭിമുഖ്യത്തിൽ തിരുവല്ലം തിരുഹൃദയ ദൈവാലയത്തിൽ വച്ച് പരിസ്ഥിതി ദിനാചരണം ഫാ. ജോർജ് വെട്ടിക്കാട്ടിൽ (ക്ഷേമ എക്സിക്യൂട്ടീവ് ഡയറക്ടർ) നിർവഹിച്ചു. ചടങ്ങിൽ 400 വൃക്ഷത്തൈകൾ വിതരണം ചെയ്യുന്നതിന്റെ ഔപചാരികമായ ഉദ്ഘാടനവും നടന്നു. ഭദ്രാസന പ്രസിഡന്റ് ധർമ്മരാജ് പിൻകുളം, ഭദ്രാസന ജനറൽ സെക്രട്ടറി

സബീഷ് പീറ്റർ തിരുവല്ലം, യൂണിറ്റ് പ്രസിഡന്റ് നെൽസൺ, ജോൺസൺ, കൽപ്പറ്റ വിജയൻ, റവ. സി. മരിയ സ്റ്റീഫൻ എന്നിവർ പ്രസംഗിച്ചു.

## നേതൃസംഗമം




മലങ്കര കാത്തലിക് അസോസിയേഷൻ പാറശ്ശാല ഭദ്രാസന സമിതിയുടെ ആഭിമുഖ്യത്തിൽ ചെമ്പൂര് വൈദികജില്ലാ നേതൃസംഗമം ചെമ്പൂര് വൈദിക ജില്ലയിലെ സെന്റ് ജോസഫ് പബ്ലിക് സ്കൂളിൽ വച്ച് ഫാ. ജസ്റ്റിൻ നുള്ളിക്കാട് പതാക ഉയർത്തി. തുടർന്ന് എം.സി.എ. ഭരണ ഘടനയും നേതൃത്വവും സമൂഹപുരോഗതിയിൽ എന്ന വിഷയത്തെ ആസ്പദമാക്കി സിനഡൽ കമ്മീഷൻ സെക്രട്ടറിയും ക്ഷേമ എക്സിക്യൂട്ടീവ് ഡയറക്ടറുമായ  ഫാ. ജോർജ് വെട്ടിക്കാട്ടിൽ ക്ലാസുകൾ എടുത്തു തുടർന്ന് നടന്ന സഭയും രാഷ്ട്രീയവും എന്ന വിഷയത്തിൽ പാനൽ ചർച്ച നടത്തി. ഫാ. ജോർജ്ജ് ജോഷ്വാ കന്നിലേത്ത് മോഡറേറ്ററായിരുന്നു. ഡോ. വിൽസൺ, ജയകുമാർ, അഡ്വ. ആൻസി, ശരത്ത് ലാൽ എന്നിവർ പങ്കെടുത്തു. ജില്ലാ നേതൃസംഗമം ബഹുമാനമുള്ള ജില്ലാ വികാരി റവ. ഫാ. സാജൻ പുത്തൻവീട് ഉദ്ഘാടനം ചെയ്തു. ആമുഖപ്രഭാഷണം ഫാ. ജസ്റ്റിൻ നുള്ളിക്കാട്  ജില്ലാ വികാരി നടത്തി ജില്ലാ പ്രസിഡന്റ് ജയൻ മഞ്ചംക്കോട് അധ്യക്ഷത വഹിച്ചു. പ്രസ്തുത മീറ്റിംഗിൽ ഭദ്രാസന പ്രസിഡന്റ് ധർമ്മരാജ് പിൻകുളം ഭദ്രാസന ജനറൽ സെക്രട്ടറി സബീഷ് പീറ്റർ തിരുവല്ലം, സുമനലാൽ, ഷാജി മണ്ണാംകോണം തുടങ്ങിയവർ ആശംസകളർപ്പിച്ച് സംസാരിച്ചു. ജില്ലാ സെക്രട്ടറി, സന്തോഷ് കുമാർ സ്വാഗതം ആശംസിച്ചു. തുടർന്ന് ജനപ്രതിനിധികളെ ആദരിക്കുന്ന ചടങ്ങ് സംഘടിപ്പിക്കുകയും ആദരിക്കുകയും ചെയ്തു.



# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

## സെൻട്രൽ കൗൺസിൽ വാർഷിക സമ്മേളനം



സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ ഡി പോൾ പാറശ്ശാല സെൻട്രൽ കൗൺസിൽ രണ്ടാമത് വാർഷിക സമ്മേളനം, പാറശ്ശാല ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത 2022 ജൂൺ 18–ാം തീയതി ശനിയാഴ്ച സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് ഉദ്ഘാടനം ചെയ്തു. പ്രസ്തുത യോഗത്തിൽ സെൻട്രൽ കൗൺസിൽ ആധ്യാത്മിക ഉപദേഷ്ടാവ് വെരി റവ. ഫാ. ആന്റണി പ്ലാംപറമ്പിൽ അനുഗ്രഹ പ്രഭാഷണം നടത്തി. നെയ്യാറ്റിൻകര ലാറ്റിൻ സെൻട്രൽ കൗൺസിൽ പ്രസിഡന്റ് ബ്രദർ റോബിൻ സെൽവരാജ് മുഖ്യപ്രഭാഷണം നടത്തി. സെൻട്രൽ കൗൺസിൽ പ്രസിഡന്റ് ബ്രദർ വേലപ്പൻ ഐ അധ്യക്ഷനായിരുന്നു. മൈലക്കര ആദ്ധ്യാത്മിക ഉപദേഷ്ടാവ് റവ. ഫാ. ജോസ് പാറയിൽക്കട ആശംസകൾ അർപ്പിച്ച് സംസാരിച്ചു. 25 വർഷം വിൻസെൻഷ്യൻ പ്രവർത്തനത്തിൽ തുടരുന്ന വനിതാ വിൻസെൻഷ്യൻ അംഗങ്ങളെ സർട്ടിഫിക്കറ്റും മൊമെന്റോയും നൽകി ആദരിച്ചു. വാർഷികറിപ്പോർട്ട് ബ്രദർ എൽ തങ്കരാജനും കണക്ക് ബ്രദർ പൗലോസും അവതരിപ്പിച്ചു. സീനിയർ വൈസ് പ്രസിഡന്റ് ബ്രദർ പൂഴനാട് രാജൻ സ്വാഗതവും ബ്രദർ ജോൺ കൃതജ്ഞതയും അർപ്പിച്ചു.



# Kshema Integrated Development Society (KIDS)

## പാരിഷ് കാരിത്താസ് പരിശീലനം



പാറശ്ശാല വൈദിക ജില്ലയിലെ സ്വയം സംഘം ഭാരവാഹികൾക്കായി അമ്പിളികോണം ഇടവകയിൽ വച്ച് 2022 മെയ് 8-ാം തീയതി ഒരു പരിശീലന പരിപാടി സംഘടിപ്പിക്കുകയുണ്ടായി. ക്ലാസ്സുകൾക്ക് ബഹുമാനപ്പെട്ട ജോൺ പുന്നാരയച്ചനും ശ്രീ. ജെയിംസും നേതൃത്വം നൽകി. ക്യാൻസർ കെയർ പദ്ധതിയെക്കുറിച്ചും അതിനാവശ്യമായ ധനസമാഹരണത്തെക്കുറിച്ചും കോർഡിനേറ്റർ അരുൺ പ്രതിപാദിക്കുകയുണ്ടായി. ക്യാൻസർ ബോധവൽക്കരണ ക്ലാസ്സുകൾക്ക് നേതൃത്വം നൽകിയത് ശ്രീ. രാജാ ഫ്രാൻസിസായിരുന്നു.

## ഫെഡറേഷൻ രൂപീകരണം

ക്ഷേമയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വാശ്രയ സംഘങ്ങളുടെ ഫെഡറേഷൻ പിൻകുളം, അമ്പിളികോണം, പാറശ്ശാല, ചെമ്പരത്തിവിള എന്നിവിടങ്ങളിൽ 2022 മെയ് 14, 15, 22, 24 തീയതികളിൽ പാറശ്ശാല മേഖലയുടെ കീഴിൽ രൂപീകരിക്കുകയുണ്ടായി. ഫാ. വർഗ്ഗീസ് നടുതല, ഫാ. പ്രഭീഷ് ജോർജ്ജ്, ഫാ. വർഗ്ഗീസ് കൊടിത്തറ, ഫാ. ജോൺ



പുന്നാര, SHG കോർഡിനേറ്റർ ശ്രീ. ജെയിംസ് എന്നിവരുടെ നേതൃത്വത്തിലാണ് ഫെഡറേഷൻ രൂപീകരണം നടത്തപ്പെട്ടത്.



പിൻകുളം യൂണിറ്റിൽ വച്ച് നടത്തപ്പെട്ട ഫെഡറേഷൻ മീറ്റിംഗ്



ചെമ്പരത്തിവിള യൂണിറ്റിൽ വച്ച് നടത്തപ്പെട്ട ഫെഡറേഷൻ മീറ്റിംഗ്

## പരിസ്ഥിതി ദിനാചരണം

കേരള സോഷ്യൽ സർവീസ് ഫോറവും ക്ഷേമയും സംയുക്തമായി അന്താരാഷ്ട്ര പരിസ്ഥിതി ദിനാചരണം 2022 ജൂൺ 5-ാം തീയതി അമ്പി




ളികോണം ഇടവകയിൽ വച്ച് സംഘടിപ്പിക്കുകയുണ്ടായി. ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ അധ്യക്ഷതവഹിച്ച യോഗം വെരി. റവ. ഫാ. തോമസ് ഇട്ടീക്കാല ഉദ്ഘാടനം ചെയ്തു. ഫാ. ജോൺ പുന്നാര ആശംസയും ശ്രീ. ജെയിംസ് നന്ദിയും സമർപ്പിച്ചു. വിവിധ അയൽക്കൂട്ടങ്ങളിൽ നിന്നായി നൂറിൽപരം അംഗങ്ങൾ സംബന്ധിക്കുകയുണ്ടായി. എല്ലാവർക്കും കേരള സംസ്ഥാന സോഷ്യൽ ഫോറസ്ട്രി ഡിപ്പാർട്ട്മെന്റ്ൽ നിന്നും ലഭിച്ച ഫലവൃക്ഷതൈകൾ വിതരണം ചെയ്തു. കാലാവസ്ഥ വ്യതിയാനവും പരിസ്ഥിതിയും എന്ന വിഷയത്തെ ആസ്പദമാക്കി KSSF കോർഡിനേറ്റർ ശ്രീ. ജിത്തു ക്ലാസ്സുകൾ നയിക്കുകയുണ്ടായി. ക്ഷേമ കോർഡിനേറ്റർ അരുൺ പരിപാടികൾക്ക് നേതൃത്വം നൽകി.

## ക്ഷേമയുടെ കീഴിൽ നാളിതുവരെ പാറശ്ശാല റീജിയണിൽ രൂപീകരിച്ച സ്വാശ്രയ സംഘങ്ങൾ

| | | |
|---|---|---|
| 1. ചെമ്പരത്തിവിള – 12 | 2. പനയുംമൂല – 1 |
| 3. കൊറ്റാമം – 1 | 4. പാറശ്ശാല – 15 |
| 5. ചാരോട്ടുകോണം – 13 | 6. പനയറക്കൽ – 3 |
| 7. അരുവിയോട് – 4 | 8. ധനുവച്ചപുരം – 4 |
| 9. പിൻകുളം – 14 | 10. കുളത്തുമ്മൽ – 7 |
| 11. ആലുവിള – 2 | 12. കുഴിഞ്ഞാൻ വിള – 4 |
| 13. നല്ലൂർവട്ടം – 2 | 14. അരുവാംകോട് – 1 |
| 15. മഞ്ചവിളാകം – 5 | 16. അമ്പിളികോണം – 10 |

ആകെ – 101



## മാതൃവേദി

## മാതൃദിനാഘോഷവും പ്രവർത്തന ഉദ്ഘാടനവും




മാതൃദിനാഘോഷവും ഭദ്രാസന, കാട്ടാക്കട ജില്ലാതല പ്രവർത്തന ഉദ്ഘാടനവും കാട്ടാക്കട വിശ്വദീപ്തി സ്കൂളിൽ വച്ച് നടന്നു. പ്രവർത്തന ഉദ്ഘാടനം ജില്ലാ വികാരി ബഹു. തോമസ് പൊറ്റപുരയിടം അച്ചൻ നിർവഹിച്ചു. ഭദ്രാസന ഡയറക്ടർ ബഹു. ഫാ. ജോസ് പാറയിൽകട, ജില്ലാ ഡയറക്ടർ ബഹു. ഫാ. ബോസ്കോ ചാലറക്കൽ, ഭദ്രാസന പ്രസിഡന്റ് ശ്രീമതി സിനി ബിനു, ജില്ലാ പ്രസിഡന്റ് ശ്രീമതി അനിതാ റാണി, ജില്ലാ ആനിമേറ്റർ ബഹു. സി. ആൽഫി മരിയ ഡി.എം. എന്നിവർ ആശംസകൾ അർപ്പിച്ചു. മാതൃദിനാഘോഷ പരിപാടിയിൽ പ്രഥമ സമിതി അംഗങ്ങളെ അനുമോദിച്ചു.



റബ്ബോനി – സൺഡേസ്കൂൾ അധ്യാപകർക്കായി നടത്തിയ ഏകദിന സെമിനാർ
അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവ് ഉദ്ഘാടനം ചെയ്യുന്നു




എം.സി.എ. അല്മായ ദിനാഘോഷം അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ്
മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യുന്നു (01 – 05 – 2022)



വിവാഹ ഒരുക്കസെമിനാറിൽ പങ്കെടുത്തവർ (2022 മെയ് 6, 7)

Design & Layout : Syam, Nia Graphics, Chowara 9747 044 811




പാറശ്ശാല ഭദ്രാസനത്തിലെ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ
അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായോടൊപ്പം

Printed and Published by Very Rev. Fr. Bijoy Ooralivila (*Chancellor*)
Diocese of Parassala, Catholic Bishop's House
Kudayal, Ayira P.O., Parassala, Kerala, India 695 502